**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5626** **16-03-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ഒഴിവുകൾ എൻ.ജെ.ഡി. ഒഴിവുകളാണെന്നും എത്ര ഒഴിവുകൾ ഫ്രഷ് വേക്കൻസികളാണെന്നും വ്യക്തമാക്കാമോ; എൻ.ജെ.ഡി. ഒഴിവുകൾ ഏതെല്ലാം വിഭാഗങ്ങളിലുള്ളതാണെന്ന് അറിയിക്കാമോ; | (എ) | 69 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 44 fresh ഉം, 25 NJD ഒഴിവുകളുമാണ്.<br>NJD ഒഴിവുകൾ ഇപ്രകാരമാണ്.<br>OC -12 , Ezhava - 4 , Muslim - 4 , OBC - 2 , DA Turn - 2 , SC - 1 |
| (ബി) | പ്രസ്തുത ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ എത്രവീതം ക്ലാർക്ക് ടൈപ്പിസ്റ്റുമാരുടെ അനുവദനീയമായ തസ്തികകൾ ഉണ്ടെന്നും അതിൽ ഓരോ ഓഫീസിലും എത്രപേർ വീതം ജോലി ചെയ്യുന്നുണ്ടെന്നും എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും ഓഫീസ് അടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ക്രോഡീകരിച്ച വിവരം ലഭ്യമല്ല. |
| (സി) | പ്രസ്തുത ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ് ഒഴിവുകളിൽ നിയമന ശിപാർശ അയയ്ക്കുന്നതിനുള്ള നടപടികൾ പി.എസ്.സി.യിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത ജില്ലയിൽ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിൽ എത്ര പ്രതീക്ഷിത ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രതീക്ഷിത ഒഴിവുകളില്ല. |

സെക്ഷൻ ഓഫീസർ